പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2286 **27-10-2026-ൽ മറുപടിയ്ക്ക്**

മുളങ്കുന്നത്തുകാവിൽ കോമൺ ഫെസിലിറ്റി സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോണും സി-മെറ്റും ചേർന്ന് സംയുക്ത സംരംഭമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

മറുപടി: ഉണ്ട്. ബഹു.ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമായിരുന്ന 12.19 ഏക്കർ സ്ഥലവും ജംഗമവസ്തുക്കളും തിരികെ ലഭിക്കുന്നതിന് ബഹു. ഹൈക്കോടതി മുമ്പാകെ കെൽട്രോൺ ഫയൽ ചെയ്ത അപേക്ഷകൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ആസ്തികളും രേഖകളും കെൽട്രോണിന് തിരികെ ലഭിച്ചിട്ടുണ്ട്. 2005 മുതൽ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമായിരുന്ന പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട അവശ്യ രേഖകൾ റവന്യൂ/രജിസ്ട്രേഷൻ അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെൽട്രോൺ സ്വീകരിച്ചു വരികയാണ്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതി നൽകിയ പ്രകാരം 5 ഏക്കർ ഭൂമി സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (സി-മെറ്റിന്) കൈമാറുന്നതിനും, ബാക്കി ഭൂമിയിൽ സി-മെറ്റുമായി ചേർന്നുള്ള സംയുക്ത സംരഭമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ